പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1823 — 18.06.2012 ൽ മറുപടിക്ക്

## പോലീസ് സേനയിൽ നിന്നും കൊഴിഞ്ഞുപോക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിന്നും ജോലി ഉപേക്ഷിച്ച് പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ജോലി ഉപേക്ഷിച്ച് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചെറിയ ശതമാനം പോലീസ് സേനാംഗങ്ങൾ മറ്റ് വകുപ്പുകളിൽ സമാന തസ്തകകളിലോ ഉയർന്ന തസ്തികകളിലോ ഉദ്യോഗം ലഭിക്കുമ്പോൾ പോലീസ് വകുപ്പിൽ നിന്നും വിടുതൽ വാങ്ങിപോകുന്നുണ്ട്. |
| (ബി) ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (ബി) ബാധകമല്ല |
| (സി) സ്വതന്ത്രമായും നിർഭയമായും പോലീസ് ഉദ്യോഗസ്ഥർക്ക് ചുമതല നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണോ ഈ കൊഴിഞ്ഞുപോക്കിന് കാരണം; | (സി) ചോദ്യം ഉദിക്കുന്നില്ല |
| (ഡി) അർപ്പണബോധമുള്ള ഒരു പ്രൊഫഷണൽ സേനയായി പോലീസിനെ മാറ്റാൻ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് പോലീസ് സേനയിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കമ്മ്യൂണിറ്റി പോലീസിംഗ്, വുമൺ എംപവർമെന്റ്, പ്രോഗ്രാം (ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനസ്സ്) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം, എന്നീ പ്രോഗ്രാമുകൾ പോലീസിനെ കൂടുതൽ ജനകീയവൽക്കരിക്കുന്നതിന് വേണ്ടി രൂപം കൊടുത്തിട്ടുള്ള സ്കീമുകളാണ്. ഇതിൻപ്രകാരം വിവിധ തലങ്ങളിലുള്ള പോലീസുദ്യോഗസ്ഥർക്ക്, പൊതുജനങ്ങളോട് എപ്രകാരം പെരുമാറണം |

എന്നതിനെ സംബന്ധിച്ച് പരിശീലനം നൽകിവരുന്നു. പൊതുജനങ്ങളോട് മാന്യമായി പെരുമാറുന്നതിനും, അർപ്പണബോധമുള്ള പോലീസ് സേനയെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ